സി.പി.(2) 37805/06

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 28.06.2011

**സർക്കുലർ നമ്പർ 58/11**

വിഷയം : സഹകരണ സ്ഥാപനങ്ങൾ - വർഷാവസാന സ്റ്റേറ്റുമെന്റുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : സർക്കുലർ നം. 28/03

സഹകരണ സ്ഥാപനങ്ങളുടെ വർഷാവസാന കണക്കുകൾ 1969 ലെ കേരള സഹകരണ ചട്ടം 33-ൽ അനുശാസിക്കും പ്രകാരം യഥാസമയം സമർപ്പിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സൂചന പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. വർഷാവസാന കണക്കുകൾ ഓരോ സഹകരണ വർഷവും അവസാനിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും സഹകരണ ചട്ടം 33 -ൽ വ്യവസ്ഥയുണ്ടായിരിക്കെ ആയത് സഹകരണ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ്മാർ കൃത്യമായി സമർപ്പിച്ചു കാണുന്നില്ല.ചട്ട പ്രകാരം ടി കണക്കുകൾ സമർപ്പിക്കുന്നുവെന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തുന്നുമില്ല. ആയതിനാൽ ഓരോ താലൂക്കിലെയും അസിസ്റ്റന്റ് രജിസ്ട്രാർ ജനറലും, യൂണിറ്റ് ഇൻസ്പെക്ടർമാരും തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ സഹകരണ ചട്ടം 33 -ൽ അനുശാസിക്കും പ്രകാരമുള്ള വർഷാവസാന കണക്കുകൾ സമർപ്പിക്കുന്നു എന്നുറപ്പാക്കി, ആയത് പ്രത്യേകം ഫയലിൽ,വർഗ്ഗം തിരിച്ച് സൂക്ഷിക്കേണ്ടതും, അപ്രകാരം ലഭിച്ച വിവരം ചുവടെ പരാമർശിക്കുന്ന മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

| ക്രമ നം | സംഘത്തിന്റെ പേര്/വിലാസം | കണക്കുകൾ സമർപ്പിച്ച സാമ്പത്തിക വർഷം | സമർപ്പിച്ച തീയതി | ഒപ്പ് | റിമാർക്ക്സ് |
|---|---|---|---|---|---|
| | | | | | |

അപ്രകാരം സൂക്ഷിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം എല്ലാ വർഷവും ആഗസ്റ്റ്31നകം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർക്കും, ജില്ലാതല സംഘങ്ങളെ സംബന്ധിച്ച സാക്ഷ്യപത്രം, ജോയിന്റ് രജിസ്ട്രാർമാർ, സഹകരണ സംഘം രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

**പകർപ്പ്**

1. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
5. എല്ലാ അപ്പക്സ് ഫെഡറേഷനുകൾക്കും
6. എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
7. എല്ലാ ഫെഡറൽ സഹകരണ സംഘങ്ങൾക്കും
8. എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. ഈ ആഫീസിലെ എല്ലാ ഓഫീസർമാർക്കും,എഡിറ്റർ,സഹകരണ വീഥി, വെബ്സൈറ്റ്

//ആജ്ഞാനുസരണം//

ഒപ്പ്,
കെ.വി.സുരേഷ്ബാബു,
രജിസ്ട്രാറുടെ ചാർജ്ജ് വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

Saudabeevi

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)